പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1020 14-10-2026-ൽ മറുപടിയ്ക്ക്

<u>മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിക്കുന്നതിനായി ഏതൊക്കെ പദ്ധതികളിലൂടെ എത്ര രൂപ വീതമാണ് വകുപ്പ് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** പുനർഗേഹം പദ്ധതി മുഖേന തീരദേശത്തെ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നു. 2,450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനുമായി ഒരു ഗുണഭോക്താവിന് പരമാവധി 10 ലക്ഷം രൂപ അനുവദിക്കുന്നു. ഇതിൽ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയുമാണ് ഉൾപ്പെടുന്നത്. ഭൂമി വാങ്ങുന്നതിനുള്ള ചെലവ് 6 ലക്ഷം രൂപയിൽ കുറവാണെങ്കിൽ ശേഷിക്കുന്ന തുക ഭവന നിർമ്മാണത്തിന് വിനിയോഗിക്കാവുന്നതാണ്. കൂടാതെ, ഭൂമി രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും സർക്കാർ ഉത്തരവുകൾ പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. ഇതുവഴി ലാഭിക്കുന്ന തുകയും ഭവന നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്. കൂടാതെ, വേലിയേറ്റ രേഖയിൽനിന്ന് 200 മീറ്ററിന് പുറത്ത് സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളതും പുനർഗേഹം സർവേ പട്ടികയിൽ ഉൾപ്പെട്ടതുമായ, നിലവിൽ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 355 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

**(ബി)** മലപ്പുറം വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ഫിഷറീസ് കോളനിയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് മത്സ്യബന്ധനവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മലപ്പുറം ജില്ലയിൽ മത്സ്യത്തൊഴിലാളികളുടെ വീട് നവീകരണത്തിനായി 2023-24 വർഷത്തെ പദ്ധതി പ്രകാരം നാല് ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. ടി പദ്ധതി നടപ്പിലാക്കിയതിൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും പതിനാല് പേർ അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും വിവിധ കാരണങ്ങളാൽ ഇവരാരും വകുപ്പുമായി കാരാറിൽ ഏർപ്പെട്ടിരുന്നില്ല.

**(സി)** മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ പുനർനിർമാണത്തിനും നവീകരണത്തിനും എന്തെങ്കിലും പുതിയ പദ്ധതി ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** മത്സ്യതൊഴിലാളികളുടെ വീട് നവീകരണ പദ്ധതിക്ക് നടപ്പ് വർഷവും ഭരണാനുമതി നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി പുതിയ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**(ഡി)** മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന തീരദേശ മേഖലയിലെ റോഡുകളുടെ വികസനത്തിന് മത്സ്യബന്ധന വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**<u>മറുപടി:</u>** മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന തീരദേശ മേഖലയിലെ റോഡുകളുടെ വികസനത്തിനായി മത്സ്യബന്ധന വകുപ്പ് തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതി (UCR) നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുന്നതിനും നിലവാരം ഉയർത്തുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന റോഡുകൾ സംബന്ധിച്ച പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. കടൽത്തീരത്തെ ഹൈ വാട്ടർ ലൈൻ (High Water Line) മുതൽ 8 കിലോമീറ്റർ പരിധിക്കുള്ളിൽ റോഡിന്റെ 90 ശതമാനമെങ്കിലും വരുന്ന റോഡുകൾ.

2. കായൽത്തീരങ്ങളിൽനിന്ന് 5 കിലോമീറ്റർ പരിധിക്കുള്ളിൽ റോഡിന്റെ 90 ശതമാനമെങ്കിലും വരുന്ന റോഡുകൾ.

3. നദീതീരങ്ങളിൽനിന്നും കടവുകളിൽനിന്നും 5 കിലോമീറ്റർ പരിധിക്കുള്ളിൽ റോഡിന്റെ 90 ശതമാനമെങ്കിലും വരുന്ന റോഡുകൾ.

4. ഹാർബർ എൻജിനിയറിങ് വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ.

5. മത്സ്യത്തൊഴിലാളി കോളനികളിലേക്കുള്ള റോഡുകൾ.

6. സർക്കാർ ഉടമസ്ഥതയിലുള്ള മത്സ്യവളർത്തൽ കേന്ദ്രങ്ങൾ, ഫിഷിങ് ഹാർബറുകൾ, ഫിഷ് ലാൻഡിങ് സെന്ററുകൾ എന്നിവയിലേക്കുള്ള കണക്ടിവിറ്റി റോഡുകൾ, ഹാർബറുകൾക്കും ഫിഷ് ലാൻഡിങ് സെന്ററുകൾക്കുമുള്ളിലെ റോഡുകൾ, ഹാർബർ കണക്ടിവിറ്റി റോഡുകൾ എന്നിവ.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കുന്ന റോഡുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് എന്ന വകുപ്പിന്റെ സാക്ഷ്യപത്രം സഹിതം എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. റോഡുകൾ സർക്കാർ അംഗീകൃത പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശകൾ താഴെപ്പറയുന്നവരിൽ നിന്നാണ് സ്വീകരിക്കുന്നത്:

1. ബഹു. ഫിഷറീസ് മന്ത്രി, ബഹു. ലോക് സഭാംഗങ്ങൾ, ബഹു.നിയമസഭാംഗങ്ങൾ എന്നിവരിൽ ആരെങ്കിലും ശുപാർശ ചെയ്യുന്ന റോഡുകൾ.

2. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ കമ്മിറ്റി തീരുമാനപ്രകാരം (Resolution) ശുപാർശ ചെയ്യുന്ന റോഡുകൾ.

3. ചീഫ് എൻജിനീയർ, ഹാർബർ എൻജിനിയറിങ് വകുപ്പ് ശുപാർശ ചെയ്യുന്ന റോഡുകൾ.

4. ഫിഷറീസ് ഡയറക്ടർ ശുപാർശ ചെയ്യുന്ന ഫിഷ് ഫാമുകൾ, അക്വേറിയങ്ങൾ, മത്സ്യത്തൊഴിലാളി/ മത്സ്യകർഷക പരിശീലന കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ളിലേക്കും അവയിലേക്കുമുള്ള കണക്ടിവിറ്റി റോഡുകൾ, ഹാച്ചറികളിലേക്കുള്ള റോഡുകൾ.

പദ്ധതിയിൽ ഏറ്റെടുക്കാവുന്ന വിവിധ ഏജൻസികളുടെ റോഡുകൾ:

1. മുകളിൽ പരാമർശിച്ച തീരദേശ റോഡുകളുടെ നിർവചനത്തിൽ ഉൾപ്പെടുന്ന റോഡുകൾ.

2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സമ്മതപത്രത്തോടുകൂടി ഏറ്റെടുക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ മറ്റ് വകുപ്പുകളുടെയോ അധീനതയിലുള്ള സ്ഥലത്ത് പുതിയ റോഡ് നിർമ്മിക്കുകയോ നിലവിലുള്ള റോഡുകളുടെ നിലവാരം ഉയർത്തുകയോ ചെയ്യുമ്പോൾ, പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന റോഡുകളുടെ പരിപാലനം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം/വകുപ്പ് നിർവഹിക്കുമെന്ന ഉറപ്പ് മുൻകൂട്ടി ലഭിച്ചിരിക്കണം.

3. മറ്റേതെങ്കിലും തരത്തിലുള്ള റോഡുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കേണ്ടതുണ്ടെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

കൂടാതെ, ഹാർബർ എൻജിനീയറിങ് വകുപ്പ് നിർമ്മിക്കുന്ന എല്ലാ റോഡുകളും വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും രജിസ്റ്റർ കാലാനുസൃതമായി പുതുക്കുകയും ചെയ്യേണ്ടതാണ്.

**സെക്ഷൻ ഓഫീസർ**